**ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം-14.**

വിഷയം- ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- ജീവനക്കാര്യം- ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിലും രാമൻകുളങ്ങര, ഇ.എസ്.ഐ. ഡിസ്പെൻസറിയിലും സ്റ്റാഫ് നഴ്സുമാരെ ഡ്യൂട്ടി അറേഞ്ച്മെന്റിന്റെ ഭാഗമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- ജീവനക്കാർ സമർപ്പിച്ച അപേക്ഷ.

**ഉത്തരവ് നം. ഇ5-5322 /2017/ഡി.ഐ.എം.എസ്. തീയതി 06-07-2017.**

ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I തസ്തികയിൽ ജോലി ചെയ്തുവരുന്ന കൊല്ലം സ്വദേശിനിയായ ശ്രീമതി. ഷൈനി.പി , Infertility Treatment എടുത്തുകൊണ്ടിരിക്കുന്നതിനാൽ ദിവസേന കൊല്ലത്ത നിന്ന് ദീർഘദൂരം യാത്ര ചെയ്ത് ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയിൽ ജോലിക്ക് എത്തിച്ചേരാൻ ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും ആയതിനാൽ IVF treatment ന്റെ ഭാഗമായി കൊല്ലം ജില്ലയിലെ ഇ.എസ്.ഐ. സ്ഥാപനത്തിൽ ഡ്യൂട്ടി അറേഞ്ച്മെന്റ് നൽകണമെന്ന് ടിയാൾ അപേക്ഷ സമർപ്പിച്ചിരിക്കുന്നു. നിലവിൽ ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിൽ 2 സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ ഉണ്ട്

കൊല്ലം ജില്ലയിലെ രാമൻകുളങ്ങര ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ ജോലി നോക്കുന്ന ആലപ്പുഴ സ്വദേശിനിയായ ശ്രീമതി. സുസ്മിത.എസ് ന് പ്രായാധിക്യം ഉള്ളവരും വാർദ്ധക്യ സഹജമായ അസുഖങ്ങൾ ഉള്ളവരായ മാതാപിതാക്കളെ സംരക്ഷിക്കുന്നിനായി ആലപ്പുഴ ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലുള്ള ജീവനക്കാർക്ക് അന്തർജില്ലാ സ്ഥലം മാറ്റം നൽകാൻ കഴിയില്ല.

മേൽ സാഹചര്യത്തിൽ ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-I ശ്രീമതി. ഷൈനി.പി യെ രാമൻകുളങ്ങര ഇ.എസ്.ഐ. ഡിസ്പെൻസറിയിലും, രാമൻകുളങ്ങര ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ശ്രീമതി. സുസ്മിത.എസ് നെ ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയിലും Compassionate Ground ൽ duty arrangement ന്റെ ഭാഗമായി നിയമിച്ച് ഇതിനാൽ ഉത്തരവ് ആകുന്നു.

വിടുതൽ തീയതിയും പുതിയ സ്ഥാപനത്തിൽ പ്രവേശിക്കുന്ന തീയതിയും യഥാസമയം അറിയിക്കേണ്ടതാണ്.

ഒപ്പ്,
ഡോ.അജിത നായർ.ആർ
ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

ജീവനക്കാർക്ക്.

പകർപ്പ്
1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ് ,ദക്ഷിണ മേഖല, കൊല്ലം/ മദ്ധ്യ മേഖല, എറണാകുളം.
2) സൂപ്രണ്ട്, ഇ.എസ്.ഐ. ആശുപത്രി, ആലപ്പുഴ.
3) ഇൻഷൂറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ഡിസ്പെൻസറി, രാമൻകുളങ്ങര.
4) ഫയൽ / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.

എസ്.എസ്/